# കേരളത്തിലെ കായലുകൾ കെട്ടുവള്ള ഭീഷണിയിൽ

കേരളീയം വാർത്താശൃംഖല

ജലത്താൽ സമൃദ്ധമാണ് ദക്ഷിണേഷ്യയുടെ പടിഞ്ഞാറൻ തീരത്തെ പ്രശസ്തമായ കുട്ടനാട്ടിലെ ഉൾനാടൻ കായൽ പ്രദേശങ്ങൾ. തെങ്ങിൻ തോപ്പുകൾക്കിടയിലൂടെയൊഴുകുന്ന കായലുകളും, പുഴകളും നെൽവയലുകളുമാൽ ചുറ്റപ്പെട്ട ആലപ്പുഴ ദേശ-ദേശാന്തര ഭേദമില്ലാതെ നിശ്ചയമായും ടൂറിസ്റ്റുകൾ സന്ദർശിക്കേണ്ട ഒരു പ്രദേശമായിത്തീർന്നിരിക്കുകയാണ്. പുഴമ്പള്ളത്ത് കളിക്കുന്ന കുട്ടികളും മീൻപിടിക്കുകയും കക്ക വാരികയും ചെയ്യുന്ന പുരുഷന്മാരും തുണിയലക്കുന്ന സ്ത്രീകളും ഇവിടെ പതിവു കാഴ്ചയാണ്. ദൃശ്യഭംഗി കൊണ്ട് കുട്ടനാട് ഒരു ജലസ്വർഗ്ഗത്തെത്തുന്നതിനേക്കാൾ വലിയ അനുഭവങ്ങളാണ് ടൂറിസ്റ്റുകൾക്ക് നൽകുന്നത്.

ജലസമൃദ്ധമെങ്കിലും ശുദ്ധജല ദൗർലഭ്യംകൊണ്ട് പൊറുതിമുട്ടുന്ന ഈ പ്രദേശത്തെ ടൂറിസം കൂടുതൽ കഷ്ടതകളിലേക്ക് തള്ളിവിടുകയാണ്. "നാളുകൾക്ക് മുമ്പ് കായലിലെ വെള്ളം വളരെ ശുദ്ധമായിരുന്നു. ഞങ്ങൾ കുടിക്കാനും കുളിക്കാനും വെള്ളം കായലിൽ നിന്നാണെടുത്തിരുന്നത്. പക്ഷെ ഇപ്പോൾ ടൂറിസ്റ്റുകളെയും കൊണ്ടുപോകുന്ന കെട്ടുവള്ളങ്ങൾ കാരണം കായൽ മലിനമായിരിക്കുന്നു." ആലപ്പുഴ ജില്ലയിലെ കൈനകരിയിലെ വീട്ടമ്മയായ ലില്ലിക്കുട്ടി പറയുന്നു. ഇന്ന് ലില്ലിക്കുട്ടി വള്ളത്തിൽ ഏറെദൂരം പോയി പണം കൊടുത്താണ് കുടിവെള്ളം ശേഖരിക്കുന്നത്. നിത്യോപയോഗത്തിനുള്ള വെള്ളം ശേഖരിക്കുന്നതിന് പണവും സമയവും അധികമായി കണ്ടെത്തേണ്ടിവരുന്നത് കുട്ടനാടൻ കായൽ പ്രദേശത്ത് ലില്ലിക്കുട്ടിയുടെ ഒറ്റപ്പെട്ട അനുഭവമല്ല.

കായലിൽ സ്വതന്ത്രമായി കുളിക്കുന്നതിന് ടൂറിസം ഭംഗം വരുത്തുന്നതായി വലിയകരി പ്രദേശത്തെ തങ്കമണി പരാതിപ്പെടുന്നു. "മുൻകാലങ്ങളിൽ ഞങ്ങൾ കനാലിന്റെ ഇരുകരകളിലും കുളിക്കുന്നതിനായി ഉപയോഗിച്ചിരുന്നു. പക്ഷെ കെട്ടുവള്ളത്തിൽ പോകുന്ന ടൂറിസ്റ്റുകൾ ഞങ്ങളുടെ അനുമതിയില്ലാതെ കുളിക്കുന്നതിന്റെ ഫോട്ടോയെടുക്കാൻ തുടങ്ങിയതോടെ സ്ത്രീകൾക്കെല്ലാം സ്വകാര്യത നഷ്ടപ്പെട്ടു. ഇപ്പോൾ രാത്രികളിലാണ് ഞങ്ങൾ കുളിക്കുന്നത്." തങ്കമണിക്ക് കുളിക്കാൻ കനാൽ വെള്ളമല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. കുട്ടനാടൻ മേഖലയിലെ എൺപത് ശതമാനം ജനങ്ങളും തങ്ങളുടെ നിത്യോപയോഗത്തിനായി കനാൽ വെള്ളമാണുപയോഗിക്കുന്നതെന്നും ഈ വെള്ളം രോഗാണുക്കളും കീടനാശിനികളും പെട്രോളിയം മാലിന്യങ്ങളും കലർന്ന് ആരോഗ്യത്തിന് ഹാനികരമായ നിലയിലാണുള്ളതെന്നും ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രം (CWRDM, കോഴിക്കോട്) നിഗമനത്തിലെത്തിയിട്ടുണ്ട്.

കുട്ടനാട്ടിൽ ശുദ്ധമായ വെള്ളം കുടിക്കാൻ കിട്ടാത്ത ജനങ്ങളുടെ അളവ് 1990-ൽ ഉള്ളതിനേക്കാൾ പകുതിയായി 2015 ആകുമ്പോഴേയ്ക്കും കുറയ്ക്കാമെന്ന് ലോകനേതാക്കൾ ഉറപ്പ് നൽകിയിട്ടുണ്ടായിരുന്നു. എന്നിട്ടും 2000-ൽ യുണൈറ്റഡ് നേഷൻസ് ദരിദ്രനിർമ്മാർജ്ജനം ലക്ഷ്യമാക്കി തയ്യാറാക്കിയ മില്ലെനിയം ഡവലപ്മെന്റ് ഗോൾഡ് (MDG) കുട്ടനാട്ടിലൊന്നും ഫലപ്രാപ്തിയിലെത്തിയിട്ടുള്ളതായി ഇത്രനാളും കാണാൻ കഴിഞ്ഞിട്ടില്ല. ദാരിദ്ര നിർമ്മാർജ്ജനത്തിന് സുസ്ഥിര ടൂറിസം വഴി തെളിക്കുമെന്ന് വേൾഡ് ടൂറിസം ഓർഗനൈസേഷൻ നിർവ്വചനങ്ങളിൽ പറയുന്നുണ്ടെങ്കിലും യു.എന്നിന്റെ ലക്ഷ്യത്തെ സാധൂകരിക്കാൻ ടൂറിസം സഹായകമായിട്ടില്ല. കുട്ടനാട്ടിലെ വെള്ളത്തിന്റെ സ്ഥിതി നോക്കുകയാണെങ്കിൽ ടൂറിസം പ്രാദേശിക വിഭവവികസനത്തെ സഹായിക്കുന്നതിൽ പരാജയപ്പെടുക മാത്രമല്ല ജനങ്ങൾക്ക് ദോഷകരമായ രീതിയിലുള്ള മലിനീകരണം നടത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചുകൊണ്ട്



സുസ്ഥിരതയിൽ നിന്നും ഏറെ വഴി മാറിയാണ് നടക്കുന്നത്.

ഇന്ത്യയിലെത്തുന്ന വിനോദസഞ്ചാരികളുടെ പത്ത് ശതമാനത്തെ കൊച്ചു കേരളത്തിലെത്തിച്ചുകൊണ്ട് ഈ പ്രദേശത്തിന്റെ പ്രധാന ആകർഷണീയതയായി നിൽക്കുന്നത് കെട്ടുവള്ളങ്ങളാണ്. കേരളത്തിലെത്തുന്ന രാജ്യാന്തര ടൂറിസ്റ്റുകളുടെ എണ്ണം 2003-04 വർഷത്തിൽ 24 ശതമാനമായി വർദ്ധിച്ചിരുന്നു, കൂടാതെ വളർന്നു വരുന്ന ഇന്ത്യൻ സമ്പന്ന മധ്യവർഗ്ഗവും കേരളത്തെയാണ് തങ്ങളുടെ ഒഴിവുകാല വിശ്രമകേന്ദ്രമാക്കാൻ ഇന്ന് പ്രധാനമായും പരിഗണിക്കുന്നത്. ടൂറിസവുമായി പ്രാദേശിക കച്ചവടങ്ങൾ വർദ്ധിച്ചുവരുന്ന ഈ സാദ്ധ്യതകൾ മുൻകൂട്ടി കണ്ട് നീങ്ങുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. കെട്ടുവള്ളങ്ങളുടെ എണ്ണം ഇതിനനുസരിച്ച് കൂടിയതോടെ കായൽ മലിനമാകുന്നതിന്റെ അളവും വർദ്ധിച്ചു. ആലപ്പുഴ പ്രദേശത്ത് മാത്രമായി ഏകദേശം 400-ൽ അധികം കെട്ടുവള്ളങ്ങളുള്ളതായാണ് കണക്കാക്കപ്പെടുന്നത്. വള്ളങ്ങളിൽ നിന്നും പുറന്തള്ളുന്ന ഇന്ധനമാലിന്യങ്ങളും, മലമൂത്ര വിസർജ്ജ്യങ്ങളും, അടുക്കളയിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങളും നേരിട്ട് കായലിലേക്കാണെത്തുന്നത്. "കെട്ടുവള്ളങ്ങൾ വലിയ ഭീഷണിയാണുയർത്തുന്നത്." മനുഷ്യ വിസർജ്യങ്ങളും, ഗർഭനിരോധന ഉറകളും മറ്റും കായലിലേക്കാണ് കെട്ടുവള്ളങ്ങൾ ഉപേക്ഷിക്കുന്നത്. കായൽ പരപ്പ് നിറയെ പ്ലാസ്റ്റിക് സഞ്ചികളും കുപ്പികളുമാണ്." കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. വിശാഖൻ പറയുന്നു.

ബോട്ടുയന്ത്രങ്ങളാണ് കായൽ മലിനപ്പെടുത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നതെന്ന് പമ്പാനദിയിലെ പരിചയസമ്പന്നനായ കടത്തുവള്ളക്കാരൻ പവിത്രൻ പറയുന്നു. പുഴയ്ക്കക്കരെയിക്കരെ ജനങ്ങളെയെത്തിക്കുന്ന ഇദ്ദേഹത്തിന്റെ കടത്തുവള്ളത്തിന്റെ സഞ്ചാരത്തിന് കെട്ടുവള്ളങ്ങളും ടൂറിസ്റ്റ് ബോട്ടുകളും പലപ്പോഴും തടസ്സമാകുന്നുണ്ട്. പെട്രോളിയം മാലിന്യങ്ങളുടെ ഒരു പാളി വേമ്പനാട് കായലിന്റെ എല്ലാ ഭാഗങ്ങളിലേക്കും പടർന്നെത്തിയിട്ടുണ്ട്. കെട്ടുവള്ളങ്ങളേറെയും നങ്കൂരമിടുന്ന പുന്നമടയിലും കുമരകത്തും ഈ പാളിയുടെ കടുപ്പം അപകടകരമാം വിധം കൂടുതലാണ്. കെട്ടുവള്ളങ്ങളുടെ യന്ത്രങ്ങളിൽ നിന്നും പ്രവഹിക്കുന്ന പെട്രോളിയം മാലിന്യങ്ങൾ ജലോപരിതലത്തിൽ ഒഴുകിനടന്ന് കടലിനോടടുത്ത് കായൽ പ്രദേശത്തിലെയും നദികളിലെയും തടാകത്തിലെയും ആവാസവ്യവസ്ഥയിലെയും വളർന്നുവരുന്ന മത്സ്യസമ്പത്ത് രോഗാതുരമായിക്കൊണ്ടിരിക്കുകയാണ്. മത്സ്യം ശ്വസിക്കുന്ന ചെകിളകളിൽ ഇന്ധനം കലർന്ന വെള്ളം കയറി സുഗമമായി ശ്വസിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

"പെട്രോളിയം മാലിന്യങ്ങളില്ലാത്തിടത്തേക്കും അതിന്റെ പാളിക്ക് കനംകുറഞ്ഞ ഭാഗത്തേക്കും മത്സ്യങ്ങൾ അതിജീവനത്തിനായി വഴിതിരിഞ്ഞ് പോകുന്ന പ്രവണത കാണിക്കുന്നുണ്ട്. ഈ സാഹചര്യങ്ങൾ എത്രയും വേഗം പരിശോധനയ്ക്ക് വിധേയമാക്കിയില്ലെങ്കിൽ മത്സ്യങ്ങളും ജലജൈവ വൈവിധ്യങ്ങളും വളരെ വൈകാതെ നമുക്ക് നഷ്ടമാകും." കുമരകം റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിലെ ഡോ. കെ. ജി. പത്മകുമാർ ഓർമ്മപ്പെടുത്തുന്നു. ഇത് ഈ പ്രദേശത്തെ പക്ഷികളുടെ വൈവിധ്യത്തിനും സമ്പന്നതയ്ക്കും ഞെട്ടലുളവാക്കുംവിധം കുറയുന്നതിന് കാരണമാകുമെന്ന് പക്ഷിശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

കുട്ടനാടൻ കായൽ പ്രദേശങ്ങളിലെ ആളുകളുടെ ജീവിതചര്യകൾ വെള്ളവുമായി വളരെയധികം ബന്ധപ്പെട്ടതാണ്. ഇവിടെ ജനങ്ങൾ നിത്യവൃത്തിക്കായി ആശ്രയിക്കുന്ന കൃഷിയും മത്സ്യബന്ധനവും വെള്ളത്തിന്റെ നിലവാരവുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. മത്സ്യബന്ധനത്തെ ആശ്രയിച്ച് ജീവിക്കുന്ന പതിനായിരക്കണക്കിന് കുട്ടനാട്ടുകാർ എത്രനാൾ ആ തൊഴിൽ തുടരാൻ സാധിക്കുമെന്നതിൽ ആശങ്കപ്പെടുന്നു. കായലിൽ മണ്ണെണ്ണയുടെ അളവ് കൂടിയതോടെ മത്സ്യത്തിനും കക്കായ്ക്കും രുചി നഷ്ടപ്പെട്ട് കഴിക്കാൻ കഴിയാത്തതായിമാറി. മണ്ണെണ്ണച്ചുവ കാരണം ഭക്ഷണം കഴിക്കാനും മത്സ്യം വിൽക്കാനും കഴിയാത്ത അവസ്ഥയിലാണ് തങ്ങളെന്ന് നാട്ടുകാർ പറയുന്നു. മത്സ്യബന്ധനത്തിനുണ്ടാകുന്ന കുറവിലും നാട്ടുകാർ ആശങ്കാകുലരാണ്. "ബാങ്കിൽ നിന്നും വായ്പയെടുത്താണ് ഞങ്ങൾ മീൻവലയും വള്ളവും വാങ്ങിയത്. പക്ഷെ പ്രതീക്ഷയ്ക്കൊത്ത മീൻ കിട്ടാത്തതുകൊണ്ട് പണം തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലാണ് ഞങ്ങൾ. രാത്രികാലത്ത് കായലോരത്ത് നങ്കൂരമിടുന്ന കെട്ടുവള്ളങ്ങൾ പലതും ഞങ്ങളുടെ മീൻവലകൾ നശിപ്പിക്കുന്നുണ്ട്." മത്സ്യബന്ധനത്തൊഴിലാളിയായ സിബിച്ചൻ പറയുന്നു. മീൻവലകൾക്ക് നാശമുണ്ടാകുന്നതിന്റെ പേരിൽ മത്സ്യബന്ധനം നടത്തുന്നവരും കെട്ടുവള്ളമോടിക്കുന്നവരും തമ്മിൽ ഇവിടെ തർക്കം പതിവാണ്.

കെട്ടുവള്ളങ്ങളുടെ അതിപ്രസരം ആലപ്പുഴയ്ക്ക് രണ്ട് കിലോമീറ്റർ അകലെയുള്ള വലിയകരി പ്രദേശത്തെ കൃഷിയേയും പ്രതികൂലമായി ബാധിച്ചതായി നെൽകർഷക കൂട്ടായ്മയിലൂടെ പ്രസിഡന്റ് മധുസൂധനൻ അഭിപ്രായപ്പെടുന്നു. "വെള്ളത്തിൽ മണ്ണെണ്ണയും ഓയിലും കലർന്ന് നെൽകൃഷി മോശമാകുന്ന സ്ഥിതി തുടരുകയാണ്. കുടിവെള്ളത്തെവരെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ സർക്കാർ അടിയന്തിര നപടകിളെടുത്ത് നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ട സ്ഥിതിയായിരിക്കുന്നു."

കെട്ടുവള്ളങ്ങളെ ഉൾക്കൊള്ളാവുന്ന വെള്ളത്തിന്റെ പരിധി കണക്കിലെടുത്ത് കെട്ടുവള്ളങ്ങളുടെ അനധികൃതമായ വർദ്ധനവ് നിയന്ത്രിച്ച് ജലത്തെയും ജനജീവിതത്തെയും സർക്കാർ സംരക്ഷിക്കുമെന്ന പ്രതീക്ഷയിലാണ് കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിശാഖൻ. "തദ്ദേശവാസികൾക്ക് ടൂറിസംകൊണ്ട് മെച്ചമൊന്നുമുണ്ടാകില്ലെന്നാണ് അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ. വിദേശ വിനിമയത്തിന്റെയും, ടൂറിസം വഴി തൊഴിൽ ലഭിച്ചവരുടെയും, ഗവൺമെന്റ് സബ്സിഡികളുടെയും സ്ഥിതിവിവര കണക്കുകൾ ഞങ്ങൾ പരിശോധിച്ചതാണ്. ടൂറിസം ലാഭമല്ലാത്തതും ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്തതുമാണെന്നാണ് കാണാൻ കഴിഞ്ഞത്."


### അറിയിപ്പ്

വരിസംഖ്യ പുതുക്കി (240 രൂപ) എല്ലാ വായനക്കാരും കേരളീയത്തോട് സഹകരിക്കണമെന്ന് അപേക്ഷ.